പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 619

02.12.2014 - ൽ മറുപടിക്ക്

## സിഡ്‌കോയിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണ നടപടി

ചോദ്യം

ശ്രീ. രാജു എബ്രഹാം

മറുപടി

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) 26/03/2013-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2242-നും 31/01/2014 ലെ 3968- ാം നമ്പർ ചോദ്യത്തിനും നൽകിയ മറുപടിയിൽ സിഡ്‌കോയിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണം കഴിവതും വേഗം നടപ്പിലാക്കാൻ നടപടി സ്വീകരിച്ചു വരുന്നതായി മറുപടി നൽകിയിരുന്നു. എന്നാൽ വർഷമൊന്നാകാറായിട്ടും കഴിഞ്ഞ 6 കൊല്ലവും ലാഭത്തിലായിരുന്ന സർക്കാർ പൊതുമേഖലാ സ്ഥാപനമായ കേരള സിഡ്‌കോയിൽ ശമ്പള പരിഷ്കരണം എന്ന ന്യായമായ ആവശ്യം അനുവദിക്കാൻ കഴിയാത്തതിന്റെ സാങ്കേതിക തടസ്സം എന്തെന്ന് വ്യക്തമാക്കാമോ ; | (എ) & (ബി) : സിഡ്‌കോയിലെ ജീവനക്കാർക്ക് ശമ്പള പരിഷ്കരണം അനുവദിയ്ക്കുന്നതുമായി ബന്ധപ്പെട്ട് സ്റ്റാഫ് പാറ്റേൺ പുനർ നിർണയിക്കുന്നതിൽ ചില സാങ്കേതിക തടസ്സങ്ങൾ ഉണ്ടായിരുന്നു. ഇതു പരിഹരിച്ച് ശമ്പള പരിഷ്കരണം ഉടൻ തന്നെ നടപ്പിലാക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) ശമ്പള പരിഷ്കരണം അനുവദിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ? | |

സെക്ഷൻ ഓഫീസർ